SUNDAY 24/05/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/05/2026

1. കൃഷി വകുപ്പ് ലോകബാങ്കിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന കേര പദ്ധതിയുടെ ഭാഗമായി കർഷകർക്ക് സുസ്ഥിര വിപണിയും വിലയും ഉറപ്പുവരുത്താനുള്ള നൂതന സ്കീമായ പ്രൊഡക്ടിവ് അലയൻസിന് തുടക്കമായി. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള ഒമ്പത് ജില്ലകളിലായി നൂറ് പ്രൊഡക്ടിവ് അലയൻസുകൾ രൂപവത്ക്കരിക്കുന്നതിനുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 150 പ്രൊഡക്ടിവ് അലയൻസുകൾ പ്രാവർത്തികമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതുവഴി കർഷക ഉത്പ്പാദക കമ്പനികളും (എഫ് പി സി), കാർഷിക വാണിജ്യ കമ്പനിയും (എബിപി) തമ്മിലുള്ള പങ്കാളിത്ത കരാറിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സഹായത്തിനും ബിസിനസ് വിപുലീകരണത്തിനുമായി ആകെ ചെലവിന്റെ 60 ശതമാനം ഗ്രാന്റായി ലഭിക്കും. പരമാവധി രണ്ടുകോടി രൂപ വരെ ഗ്രാന്റായും ഒപ്പം മൂന്ന് വർഷത്തെ സാങ്കേതിക സഹായവും ഒരു പ്രൊഡക്ടിവ് അലയൻസിന് ലഭിക്കും. കുറഞ്ഞത് പത്തുകോടി രൂപ വാർഷിക വിറ്റുവരവുള്ള കാർഷിക,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഷികേതര കമ്പനികൾ, സൂപ്പർമാർക്കറ്റ് ശൃംഖലകൾ, കയറ്റുമതിക്കാർ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ തുടങ്ങിയവർക്കും മൂന്നുവർഷത്തെ പ്രവൃത്തിപരിചയവും ചുരുങ്ങിയത് 200 അംഗങ്ങളുള്ളതും പത്ത് ലക്ഷം രൂപ വാർഷിക വിറ്റുവരവുമുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും https://pa.kera.kerala.gov.in/auth/login ലിങ്കിൽ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് കേരയുടെ തൃശ്ശൂർ റീജിയണൽ ഓഫീസുമായോ 9037824056, 9037824026 എന്നീ നമ്പറുകളിലോ ബന്ധപ്പെടണമെന്ന് റീജിയണൽ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

2. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ കുർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കുർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

3. തിരുവനന്തപുരം കുടപ്പനക്കുന്ന് റീജിയണൽ പൗൾട്രി ഫാമിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളും കൊത്തു മുട്ടകളും വിൽപ്പനക്ക് ലഭ്യമാണ്. പിടക്കോഴി കുഞ്ഞ്

ഒന്നിന് വില 25 രൂപ, പൂവൻ കോഴിക്കുഞ്ഞ് ഒന്നിന് വില 5 രൂപ, കൊത്തുമുട്ട വില ഒന്നിന് 25 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0471 2730804 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

4. മഴക്കാലത്തിന് മുന്നോടിയായി ക്ഷീരകർഷകർക്ക് മുന്നറിയിപ്പുമായി മൃഗസംരക്ഷണ വകുപ്പ്. മഴക്കാലത്ത് പശുക്കൾക്ക് രോഗസാധ്യത കൂടുതലായതിനാൽ ജാഗ്രത പാലിക്കണമെന്നും ശുചിത്വം ഉറപ്പാക്കണം എന്നും വകുപ്പ് നിർദേശിച്ചു. മുടന്തൻ പനി, കുളമ്പുരോഗം, പൂപ്പൽ വിഷബാധ, അകിടുവീക്കം, കുരലടപ്പൻ തുടങ്ങിയ രോഗങ്ങൾക്ക് സാധ്യത കൂടുതലായതിനാൽ പ്രത്യേക ശ്രദ്ധ വേണം. പാലുത്പാദനം കൂടുതലുള്ള പശുക്കൾക്ക് തണുപ്പിനെ പ്രതിരോധിക്കാൻ ഊർജ്ജം കൂടുതലായുള്ള തീറ്റകൾ ആവശ്യമായ അളവിൽ നൽകണം. കന്നുകാലികളുടെ ആരോഗ്യം, തൊഴുത്ത്, ചാണകകുഴി, പരിസര പ്രദേശങ്ങളുടെ ശുചിത്വം കറവക്കാരന്റെ ശുചിത്വം എന്നിവ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. തൊഴുത്ത് വൃത്തിയാക്കുവാൻ ബ്ലീച്ചിങ് പൗഡർ, അലക്കുകാരം, കുമ്മായം എന്നിവ ഉപയോഗിക്കണം. തറയിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളവും പാലും കെട്ടിക്കിടക്കുന്നത് ഒഴിവാക്കണം. ഏത് കാലാവസ്ഥയിലും ചാണകവും മൂത്രവും തൊഴുത്തിനു സമീപം കെട്ടിനിൽക്കാതെ നീക്കം ചെയ്യാൻ ശ്രദ്ധിക്കണം. പരിസരം കുമ്മായം വിതറി അണുവിമുക്തമാക്കേണ്ടതാണ്. ജൂൺ, ജൂലൈ മാസങ്ങളിൽ ഈച്ച, കൊതുക്, പട്ടുണ്ണി എന്നിവയെ നിയന്ത്രിക്കാൻ കർപ്പൂരം, കുന്തിരിക്കം, തുമ്പ എന്നിവ പുകക്കാം. മഴക്കാലത്ത് വയറിളക്കം, പൂപ്പൽ വിഷബാധ എന്നിവക്ക് സാധ്യത കൂടുതലായതിനാൽ കാലിത്തീറ്റ, വൈക്കോൽ തുടങ്ങിയ തീറ്റ സാധനങ്ങൾ ഈർപ്പം തട്ടാതെ സൂക്ഷിക്കണം. ആന്തര- ബാഹ്യ പരാദങ്ങൾക്കെതിരെ കൃത്യസമയത്ത് മരുന്നു നൽകണം. ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തണം. കുടിവെള്ളത്തൊട്ടി ആഴ്ച്ചയിൽ കഴുകി പൂപ്പൽ ഇല്ല എന്ന് ഉറപ്പുവരുത്തണം. ടിൻ ഷീറ്റ് അഥവാ തകിട് മേഞ്ഞ തൊഴുത്തുകളുടെ മുകളിലൂടെയോ അതിനോട് ചേർന്നോ വൈദ്യുതി കമ്പികൾ കടന്നുപോകുന്നത് വൈദ്യുതാഘാതം, തീപ്പിടുത്തം, മിന്നൽ എന്നിവ ഏൽക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനാൽ ഷീറ്റിൽ നിന്നും കമ്പിയിലേക്ക് സുരക്ഷിതമായ അകലം ഉണ്ടെന്നും ഇലക്ട്രിക്കൽ സിസ്റ്റം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശരിയായ എർത്തിങ് ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇടിമിന്നൽ സമയത്ത് മൃഗങ്ങളെ തുറസ്സായ സ്ഥലങ്ങളിൽ മേയാൻ വിടരുത്. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിൽ അടിയന്തരഘട്ടങ്ങളിൽ മൃഗങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് വേണ്ട ഉയർന്ന സ്ഥലങ്ങൾ നേരത്തെ കണ്ടു വയ്ക്കണം. വ്യവസായ ആവശ്യങ്ങൾക്കായി അപകടകരമായ രാസപാദർത്ഥങ്ങൾ ശേഖരിച്ചിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുള്ള പഞ്ചായത്തുകളിൽ രാസപദാർത്ഥങ്ങൾ ജലത്തിലും മണ്ണിലും വായുവിലും കലർന്നു മൃഗങ്ങളുടെ ജീവന് അപകടഭീഷണി സൃഷ്ടിക്കുമെന്നതിനാൽ മൃഗങ്ങളുടെ മേച്ചിൽ സ്ഥലങ്ങൾ തെരഞ്ഞെടുക്കുമ്പോൾ കർഷകർ ശ്രദ്ധിക്കണം. പ്രതിരോധ കുത്തിവെയ്പ്പ് സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചു.